(ഇ) 2005-06-ലെ ബഡ്ജറ് വിഹിതത്തിൽ പരിമിതപ്പെടുത്തി കാഞ്ഞിരപ്പുഴ, പെരിയാർ ബാരേജ്, ചിമ്മിണി, വാഴാനി എന്നീ ഡാമുകളുടെ സുരക്ഷാ പ്രവൃത്തികൾ അംഗീകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ സർക്കാരിന്റെ പരിശോധനയിലാണ്.

വെള്ളക്കരം

8 [383] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, കളത്തിൽ അബ്ദുള്ള:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തിന്റെ ഉപഭോഗം വർദ്ധിക്കാതെ തന്നെ വെള്ളത്തിന് മാസം തോറും കൊടുക്കേണ്ട തുക വാട്ടർ അതോറിറ്റി വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളത്തിന്റെ ഉപഭോഗത്തിനനുസരിച്ച് വർദ്ധിപ്പിച്ച കരം കുറയ്ക്കുന്നതിനും പരാതി കൊടുത്താൽ പരിഗണിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് സമ്പ്രദായം അനുസരിച്ച് കൂടുതൽ വെള്ളക്കരം ഈടാക്കിയതായി ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് അവ പുനഃക്രമീകരിച്ച് അധികം അടച്ച തുക ഭാവിയിലെ വെള്ളക്കരത്തിൽ വകയിരുത്തുവാനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ സർചാർജ് ആയി ഈടാക്കുന്ന തുക കുറയ്ക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

ബാങ്ക് നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ പദ്ധതികൾ

9 [384] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും നിക്ഷേപം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയ പൊതുമേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര വീതമാണെന്നറിയിക്കുമോ;

(സി) ബാങ്കുകൾ ഇപ്പോൾ നൽകുന്ന പലിശ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പലിശ നിരക്ക് കുറഞ്ഞതിനാൽ സംസ്ഥാനത്തെ ബാങ്കുകളിലെ നിക്ഷേപം കുത്തനെ ഇടിഞ്ഞതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വായ്പാ നിക്ഷേപ അനുപാതം കുറഞ്ഞത് പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ഇ) ദേശീയ സമ്പാദ്യ പദ്ധതി, വിവിധ തരം പോസ്റ്റ് ഓഫീസ് സേവിംഗ്സുകൾ എന്നിവയിലുള്ള നിക്ഷേപം എത്രയാണ്;

(എഫ്) ദേശീയ സമ്പാദ്യ പദ്ധതിയിലും മറ്റുമായി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) എസ്.എൽ.ബി.സി.യുടെ കണക്കുകൾ പ്രകാരം കേരളത്തിലെ ബാങ്കുകളിലെ 2005 മാർച്ചിലെ നിക്ഷേപം താഴെ ചേർക്കുന്നു:

	നിക്ഷേപം (രൂപ കോടിയിൽ)
പൊതുമേഖലാ ബാങ്കുകൾ	46964
സഹകരണമേഖലാ ബാങ്കുകൾ	22432
ആകെ	69396

(ബി) സഹകരണ ബാങ്കുകളിലെ 15-4-2005 വരെയുള്ള മൊത്ത നിക്ഷേപം 6,305.86 കോടി രൂപയാണ്.

കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപം താഴെപ്പറയും പ്രകാരമാണ്:

പദ്ധതി	(തുക കോടിയിൽ) 31-5-2005
സ്ഥിരനിക്ഷേപം	10.3725
സുഗമ സേവിംഗ്സ് സ്കീം	218.47
ടസ്റ്റ് നിക്ഷേപം	70.00
ആകെ	1361.72

(സി) ബാങ്കുകൾ നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ 4 മുതൽ 7.50% വരെയാണ്. എന്നാൽ സഹകരണ ബാങ്കുകളിലെ പലിശ നിരക്ക് താഴെപ്പറയും പ്രകാരമാണ്:

	സ്ഥിര നിക്ഷേപങ്ങളുടെ കാലാവധി	സംസ്ഥാന സഹകരണ ബാങ്ക്	ജില്ലാ സഹകരണ ബാങ്ക്
1.	15 ദിവസം മുതൽ 45 ദിവസം വരെ	4.75	5.00
2.	46 ദിവസം മുതൽ 179 ദിവസം വരെ	5.75	6.00
3.	180 ദിവസം മുതൽ 364 ദിവസം വരെ	6.25	6.50
4.	ഒരു വർഷം മുതൽ മൂന്ന് വർഷം വരെ	7.00	7.25
5.	മൂന്ന് വർഷവും അതിനു മുകളിലും	7.25	7.50

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ നിക്ഷേപം ഇടിഞ്ഞിട്ടില്ല. വായ്പാ നിക്ഷേപ അനുപാതം കൂടിവരികയാണ്.

(ഇ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെൻറിൽനിന്നും ലഭ്യമായ കണക്കുകളുടെ വെളിച്ചത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ 30-6-2005 വരെ 1,442 കോടി രൂപ മൊത്ത നിക്ഷേപമായും 648 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിച്ചിട്ടുണ്ട്.

(എഫ്) ദേശീയ സമ്പാദ്യ പദ്ധതി സ്കീമുകൾക്ക് മികച്ച പലിശ നിരക്കാണ് ഇപ്പോൾ നിലവിലുള്ളത് എന്നതിനാൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് മറ്റ് പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ്

10 [385] ശ്രീ. മത്തായി ചാക്കോ:
,, ടി. കെ. ദേവകുമാർ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെൻറും കേന്ദ്ര ഖാദിക്കമ്മീഷനും സംസ്ഥാന ഖാദിമേഖലയ്ക്ക് നൽകിവന്നിരുന്ന എല്ലാതെല്ലാം സാമ്പത്തികസഹായങ്ങളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) റിബേറ്റിനുപകരം മാർക്കറ്റ് ഡെവലപ്പ്മെൻറ് അസിസ്റ്റൻസ് നടപ്പാക്കാനുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷണറേറ്റിൻെറ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഖാദി ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകുന്നുണ്ടോ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) മാർജിൻ മണി പദ്ധതിപ്രകാരവും റിബേറ്റ് കുടിശ്ശിക ഇനത്തിലും 2004-05 വർഷത്തിൽ എന്തു തുക ഖാദി ബോർഡിന് ലഭിച്ചിട്ടുണ്ട്; ഈ ഇനത്തിലുള്ള കുടിശ്ശിക എത്രയാണ്;

(എഫ്) പലിശ സബ്സിഡി പദ്ധതിയനുസരിച്ചുള്ള കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ നാലുവർഷക്കാലയളവിൽ ഖാദിവ്യവസായ പദ്ധതികൾക്കായി 606.22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഖാദി റിബേറ്റ് ഇനത്തിൽ 912.17 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 13-10-2004-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ ഖാദി സ്ഥാപനങ്ങളുമായും ഖാദിത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly